# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 309 — 06.01.2014-ലെ മറുപടിക്ക്

## കോഴിക്കോട് ജില്ലാ ജയിലിൽ സ്ഥാപിക്കപ്പെട്ട നിരീക്ഷണ ക്യാമറകൾ

ചോദ്യം — മറുപടി

ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ — ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) കോഴിക്കോട് ജില്ലാ ജയിലിനുള്ളിലെ 31 ക്യാമറകൾ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശത്തെ തുടർന്ന് ജയിലിൽനിന്നും മാറ്റി എന്ന ഒരു വിഭാഗം മാദ്ധ്യമങ്ങൾ പ്രചരിപ്പിക്കുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നുവോ; | എ) ശ്രദ്ധയിൽപ്പെട്ടിരുന്നു. |
| ബി) ജയിലിൽ സ്ഥാപിക്കപ്പെട്ട 31 നിരീക്ഷണ ക്യാമറകൾ സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിനെ തുടർന്ന് മാറ്റുകയുണ്ടായിട്ടുണ്ടോ; എങ്കിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ബി) ഇല്ല. |
| സി) ജയിലിൽ എത്ര ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടായിരുന്നു; അവ ഇപ്പോഴും ജയിലിനകത്തുണ്ടോ; വിശദമാക്കുമോ? | സി) കോഴിക്കോട് ജില്ലാ ജയിലിൽ 61 ഫിക്സഡ് ക്യാമറകളും 7 PTZ ഡോം ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. അവ ഇപ്പോഴും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ